# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ കത്തോലിക്കാ രൂപത

**ഇടയലേഖനം 9**

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസി കൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

## ജീവിത പങ്കാളി ദൈവത്തിന്റെ സമ്മാനം

''അങ്ങ് എനിക്ക് തന്നവർക്കുവേണ്ടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്. എന്തെന്നാൽ, അവർ അവിടുത്തേയ്ക്കുള്ളതാണ്''. (യോഹ. 17:9)

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സഹോദരീസഹോദരന്മാരേ,

2019 ഒക്ടോബർ 13-ാം തീയതി റോമിൽ മറിയം ത്രേസ്യയുടെ നാമകരണച്ചടങ്ങിൽ പങ്കെടുക്കവേ, പുണ്യവതി ജീവിതം സമർപ്പിച്ച കുടുംബപ്രേഷിതത്വത്തിന് സഭയിലും സമൂഹത്തിലുമുള്ള പ്രസക്തിയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുവാനും ബോധ്യങ്ങൾ രൂപീകരിക്കാനും എനിക്കിടയായി. കുടുംബപ്രേഷിതത്വത്തിലൂടെ ജീവിത നവീകരണ ത്തിനായി ഈ കാലഘട്ടത്തതിൽ ദൈവം നമ്മെ ക്ഷണിക്കുന്നു. നമ്മുടെ രൂപതയുടെ അജപാലന പദ്ധതി അതിന്റെ മൂന്നാം ഘട്ടത്തിലേക്ക് - ദമ്പതികളുടെ വർഷത്തി ലേയ്ക്ക് - പ്രവേശിക്കുന്ന ഈയവസരത്തിൽ അതേക്കുറിച്ചുള്ള ചില വിചിന്തനങ്ങൾ പങ്കുവയ്ക്കട്ടെ.

ദൈവ -മനുഷ്യ ബന്ധത്തെ ദാമ്പത്യബന്ധത്തിന്റെ സമ്പന്നമായ പ്രതീകത്തിലൂടെ യാണ് വിശുദ്ധ ഗ്രന്ഥം വരച്ചുകാട്ടുന്നത്: പഴയനിയമത്തിൽ ദൈവവും ഇസ്രയേലും; പുതിയ നിയമത്തിൽ മിശിഹായും തിരുസഭയും. ദമ്പതികളുടെ സ്നേഹത്തിൽ അട ങ്ങിയിരിക്കുന്ന ഐക്യത്തിന്റെയും ഉദാരമായ ആത്മദാനത്തിന്റെയും ഭാഷയിലാണ് വിശുദ്ധ ഗ്രന്ഥം ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹം വെളിപ്പെടുത്തിയിരിക്കുന്ന ത്. 'മണവാളൻ മണവാട്ടിയിലെന്നപോലെ നിന്റെ ദൈവം നിന്നിൽ സന്തോഷിക്കും'. (ഏശ.62.5) 'എന്നേയ്ക്കുമായി നിന്നെ ഞാൻ പരിഗ്രഹിക്കും, നീതിയിലും സത്യ ത്തിലും സ്നേഹത്തിലും കാരുണ്യത്തിലും നിന്നെ ഞാൻ സ്വീകരിക്കും. വിശ്വസ്തത യിൽ നിന്നെ ഞാൻ സ്വന്തമാക്കും. കർത്താവിനെ നീ അറിയും' (ഹോസിയ 2:19-20). പുതിയ നിയമത്തിൽ, വിവാഹം ദൈവ-മനുഷ്യബന്ധത്തിന്റെ പ്രതീകമാകുമ്പോൾത

ന്നെ, ദൈവ-മനുഷ്യബന്ധം വൈവാഹിക സ്നേഹത്തിന്റെ ഏറ്റവും ഉന്നതമായ മാതൃകയുമാകുന്നു. പൗലോസ് ശ്ലീഹാ വിവാഹം എന്ന 'വലിയരഹസ്യം' നിർവ്വചിക്കുന്നതും അതിന്റെ വിശുദ്ധ ഭാവങ്ങളെ പ്രകാശിപ്പിക്കുന്നതും, ഈശോയും തിരുസഭയും തമ്മിലുള്ള ബന്ധത്തെ മുൻനിർത്തിയാണ് (എഫേ.5:32). ഇക്കാരണത്താൽ മിശിഹായ്ക്ക് സഭയോടുള്ള സ്നേഹം ഏതുവിധമാണെന്ന് സാക്ഷ്യപ്പെടുത്തുകയെന്നത് വിവാഹിതരുടെ സവിശേഷ ദൈവവിളിയാണ്. ദാമ്പത്യസ്നേഹത്തെയും കുടുംബജീവിതത്തെയുംകുറിച്ചുള്ള തിരുസഭയുടെ എക്കാലത്തെയും പ്രബോധനങ്ങൾ ഈ അടിസ്ഥാനത്തിൽ നിന്നാണ് ഉയർന്നു വന്നിട്ടുള്ളത്.

സ്നേഹം എപ്പോഴും സാമീപ്യവും സഹവാസവും ലഭിക്കുന്നതിനും നല്കുന്നതിനും ആഗ്രഹിക്കുന്നു. ദൈവം സ്നേഹമാകയാൽ നാം അവിടുത്തോടൊപ്പം ആയിരിക്കണമെന്നും, അവിടുന്ന് നമ്മോടൊപ്പം ആയിരിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും വ്യക്തമാണല്ലൊ. നിങ്ങൾ എന്റെ ജനവും, ഞാൻ നിങ്ങളുടെ ദൈവവുമായിരിക്കും എന്നതാണ് ദൈവം ഇസ്രായേലിനു നല്കിയ ഉടമ്പടി. അവരുടെ ചരിത്രത്തിന്റെ എല്ലാ ദുർഘടയാത്രകളിലും ദൈവം അവരോടൊപ്പം വസിക്കുകയും സഞ്ചരിക്കുകയും ചെയ്തു. പുതിയ നിയമത്തിലാകട്ടെ, ഈ സ്നേഹം പ്രതീകങ്ങൾക്കും പ്രതിരൂപങ്ങൾക്കും അപ്പുറം മാംസം ധരിച്ച് നമ്മുടെയിടയിൽ വസിച്ചു. സുവിശേഷത്തിന്റെ ഹൃദയംതന്നെ, സ്നേഹമായ ദൈവം, തന്റെ ഏതജാതനെ നല്കുവാൻ തക്കവിധം അത്ര അധികമായി ലോകത്തെ സ്നേഹിച്ചു (യോഹ 3:16) എന്ന വചനത്തിൽ സ്പന്ദിക്കുന്നതു നമുക്കു കേൾക്കാം. ഈശോയുടെ നാമംതന്നെ, ഇമ്മാനുവേൽ - ദൈവം നമ്മോടുകൂടെ എന്നാണല്ലോ. നമ്മോടുകൂടെ ആയിരിക്കുവാൻവേണ്ടി ഭൂമിയിലേക്കു വന്ന അവിടുന്ന് നമുക്കു നല്കിയ വാഗ്ദാനവും ലോകാന്ത്യംവരെ നമ്മോടുകൂടെ ഉണ്ടായിരിക്കും (മത്താ 28:20) എന്നതാണ്.

വിവാഹവാഗ്ദാനത്തിലൂടെ, യഥാർത്ഥത്തിൽ വലിയ ഒരു ദൈവിക സന്ദേശമാണ് ദമ്പതികൾ പരസ്പരം നല്കുന്നത്. ജീവിതത്തിന്റെ കനൽവഴികളിൽ, കയ്പ്പിലും കാഠിന്യത്തിലുമെല്ലാം ''ഇന്നുമുതൽ മരണം വരെ'' എന്നവാക്കുകൾ എത്രപേരെയാണ് ശക്തിപകർന്ന് മുമ്പോട്ടു നയിച്ചിട്ടുള്ളത്! വിശുദ്ധ ബലിപീഠത്തിനു മുമ്പാകെ, വിശുദ്ധ സുവിശേഷത്തിൽ കൈകൾവച്ച് അവർ നല്കുന്ന ഈ വാഗ്ദാനം, സ്ഥിരപ്പെടുത്തുന്നതിനും പൂർത്തീകരിക്കുന്നതിനും ബലിപീഠവും തിരുവചനവും അവരെ നിരന്തരം പ്രചോദിപ്പിക്കുന്നു. 'നാഥാ, ഞങ്ങളോടൊത്തു വസിക്കണമെ' എന്നുള്ള ശിഷ്യന്മാരുടെ പ്രാർത്ഥനയുടെയും (ലൂക്ക. 24:29) 'ലോകാന്ത്യം വരെ എന്നും ഞാൻ നിങ്ങളോടൊപ്പമുണ്ടായിരിക്കും' (മത്താ.28:20) എന്ന് ഈശോ തിരുസഭയ്ക്കു നല്കിയ വാഗ്ദാനത്തിന്റെയും പ്രതിധ്വനി വിവാഹവാഗ്ദാനത്തിൽ കേൾക്കാനാവും.

സമകാലികസംസ്കാരവും സമൂഹവും, വിവാഹം, കുടുബം, ലൈംഗികത എന്നിവയെ സംബന്ധിച്ചുള്ള കാഴ്ചപാടുകളിൽ വളരെ ഗൗരവമേറിയ മാറ്റങ്ങളിലൂടെയാണ് കട ന്നുപോകുന്നത്. എന്നാൽ ദാമ്പത്യസ്നേഹം എല്ലായ്പ്പോഴും ''സ്വതന്ത്രവും, വിശ്വ സ്തവും, സമഗ്രവും, ഫലപൂർണ്ണവുമായിരിക്കണമെന്നു തിരുസഭ പഠിപ്പിക്കുന്നു. (മ നുഷ്യ ജീവൻ 4:9) കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന ഏതു പ്രതിസന്ധിയിലും അവ രോടുകൂടെ ആയിരിക്കുവാനും, അവർക്കൊപ്പം സഞ്ചരിക്കുവാനും അവരെ നയിക്കു വാനും തിരുസഭ പ്രതിജ്ഞാബദ്ധയാണ്. സന്തോഷത്തിലും ദുഃഖത്തിലും, സമ്പ ത്തിലും ദാരിദ്ര്യത്തിലും, ആരോഗ്യത്തിലും അനാരോഗ്യത്തിലും ഏകമനസ്സായി ജീവി ച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്യുവാൻ ദമ്പതികളെ ഒരുക്കുന്ന തിരുസഭ അവരുടെ ജീവിതയാത്രയിലെ ഈ ഘട്ടങ്ങളിലെല്ലാം അവരോടൊപ്പം ഉണ്ടെന്നു ബോധ്യപ്പെടു ത്താനും ശ്രദ്ധിക്കുന്നു. ശിരസ്സായ മിശിഹായുടെ സാന്നിധ്യമെന്ന നിലയിൽ തിരുസ്സ ഭയുടെ ദിവ്യമായ കടമയും സന്തോഷവുമാണത്. മിശിഹായോടുള്ള ഒന്നാകലിലാണ് ദമ്പതികൾക്ക് ഏകമനസ്സായി, ഏക ഹൃദയമായി, ഏക ആത്മാവായി, ഏക ശരീരമായി ജീവിക്കുവാൻ സാധിക്കുന്നത്.

പരിശുദ്ധ ത്രിത്വവും തിരുക്കുടുംബവുമാണ് ക്രൈസ്തവകുടുംബത്തിന്റെ മഹനീയമാ തൃകകൾ. യോഹന്നാന്റെ സുവിശേഷത്തിൽ, പിതാവിന്റെ പക്കലേക്കു യാത്രയാകുന്ന ഈശോ തന്റെ ശിഷ്യർക്കുവേണ്ടി പ്രാർത്ഥിക്കുന്നത്, ഒരു കുടുംബനാഥന്റെ സ്നേഹ തീഷ്ണമായ പ്രാർത്ഥനപോലെയാണ്. ''അവർ അങ്ങയുടേതായിരുന്നു, അങ്ങ് അവരെ എനിക്ക് നല്കി'' (യോഹ 17:6). ജീവിതപങ്കാളിയും മക്കളും, ദൈവത്തിന്റേ താണെന്നും, അവർ ദൈവിക ദാനവും സമ്മാനവുമാണെന്നും ഓരോരുത്തർക്കും ബോധ്യമുണ്ടാവണം. ഈ ബോധ്യം നല്കുന്ന ബലംകൊണ്ട് മാത്രമാണ് ഈശോ ശിഷ്യരെക്കുറിച്ചു പറഞ്ഞതുപോലെ ''ഞാൻ അവരോടുകൂടിയായിരുന്നപ്പോൾ, അങ്ങ് എനിക്ക് നൽകിയ അവിടുത്തെ നാമത്തിൽ ഞാൻ അവരെ സംരക്ഷിച്ചു; ഞാൻ അവരെ കാത്തുസൂക്ഷിച്ചു''(യോഹ 17:12) എന്ന് നമ്മുടെ കുടുംബാംഗങ്ങളെക്കുറിച്ചും പറയാനാവുന്നത്.

വിവാഹമെന്ന കൂദാശയിലൂടെ, സഭയിലെ ശുശ്രൂഷയിലേക്കുള്ള ദൈവവിളി കൂടി യാണ് ദമ്പതികൾ സ്വീകരിക്കുന്നത്. അതുകൊണ്ടാണ് 'ഗാഢമായ മനുഷ്യത്വത്തിന്റെ വിദ്യാലയം' എന്ന് വത്തിക്കാൻ കൗൺസിൽ (സഭ ആധുനികലോകത്തിൽ 52) കുടും ബത്തെ വിശേഷിപ്പിക്കുന്നത്. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ആധാരമാക്കി യാൽ, 'സത്യത്തിലും സ്നേഹത്തിലും' ജീവിച്ചുകൊണ്ട് 'മിശിഹായിലേക്കു എല്ലാവി ധത്തിലും വളരുവാൻ' ദമ്പതികൾ വിളിക്കപ്പെട്ടിരിക്കുന്നു (എഫേ. 4:15-16). കുടുംബ ങ്ങളുടെ നവീകരണവും വിശുദ്ധീകരണവും സാധ്യമാകുക, വചനത്തിലൂടെയാണ്.

''അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ! അവിടുത്തെ വചനമാണ് സത്യം'' (യോഹ. 17:17). വചനത്താലും റൂഹാദ്ക്കുദ്ശായാലും വിശുദ്ധീകരിക്കപ്പെടട്ടെ' എന്ന് നമ്മുടെ കുർബാനയിൽ നാം പ്രാർത്ഥിക്കുന്നുമുണ്ടല്ലോ.

സുവിശേഷവത്കരണത്തിന്റെ മാർഗവും വിഷയവും കുടുംബമായിരിക്കയാൽ കൂടുതൽ ക്രമീകൃതമായ അജപാലനപദ്ധതികളും നടപടികളും നമുക്ക് ആവശ്യമാണ്. കുടുംബങ്ങളുടെയും കുടുംബങ്ങളിലൂടെയുമുള്ള സുവിശേഷവത്കരണമാണ് നാം ലക്ഷ്യമാക്കുന്നത്. 2019 ഡിസംബർ 1 മുതൽ 2020 നവംബർ 28 വരെയുള്ള ആരാധനക്രമവർഷം ദമ്പതികളുടെ വർഷമായി നാം ആചരിക്കുമ്പോൾ, ദാമ്പത്യജീവിതത്തിന്റെയും കുടുംബങ്ങളുടെയും പ്രത്യേക സുവിശേഷവത്കരണത്തിനു നാം സവിശേഷമായ ഊന്നൽ നല്കുകയാണ്. രൂപത-റീജിയണൽ-ഇടവക/മിഷൻ തലങ്ങളിൽ ദമ്പതികളുടെ ആത്മീയ ജീവിതത്തെ സഹായിക്കാനുദ്ദേശിച്ചുകൊണ്ട് നാം വിഭാവനം ചെയ്യുന്ന ചില കർമ്മപദ്ധതികളിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കട്ടെ.

1. ദമ്പതികളുടെ വർഷത്തിന്റെ രൂപതാ തലത്തിലുള്ള ഉദ്ഘാടനം 2019 ഡിസംബർ 7-ാം തീയതി ബർമിങ്ഹാം ബഥേൽ കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തപ്പെടുന്ന '*Tota Pulchra'* എന്ന രൂപതാ വനിതാ സമ്മേളനത്തിന്റെ വേദിയിൽ വെച്ച് ഉദ്ഘാടനം ചെയ്യപ്പെടും. നമ്മുടെ വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥലങ്ങളിലും 2019 ഡിസംബർ 8 ാം തീയതി ഞായറാഴ്ച (അത് സാധിക്കുന്നില്ലെങ്കിൽ ആരാധനക്രമവത്സരത്തിലെ ആദ്യത്തെ വിശുദ്ധ കുർബാനയിൽ) തിരി തെളിച്ച് പ്രത്യേക പ്രർത്ഥനയോടെ ദമ്പതികളുടെ വർഷം ഉദ്ഘാടനം ചെയ്യേണ്ടതാണ്.
2. ഈ വർഷത്തിൽ, നമ്മുടെ രൂപതയുടെ എല്ലാ ഇടവകകളിലും മിഷനുകളിലും, കുടുംബങ്ങളുടെ ക്ഷേമത്തിനും സുസ്ഥിതിക്കും വളർച്ചയ്ക്കും സഹായകരമായ പദ്ധതികളെക്കുറിച്ചു ചർച്ച ചെയ്ത് തങ്ങളുടെ സമൂഹത്തിന്റെ വിഭവശേഷിയും സാഹചര്യങ്ങളുമനുസരിച്ച് നടപ്പിലാക്കാനാവുന്ന പദ്ധതികൾ തീരുമാനിക്കുക. റീജിയണൽ തലത്തിലും ഈ രീതിയിൽ ചർച്ചകളും പ്രത്യേക സമ്മേളനങ്ങളും നടത്താവുന്നതാണ്.
3. റീജിയണൽ തലത്തിൽ കുടുംബങ്ങളെ അവരുടെ വിവിധങ്ങളായ ആവശ്യങ്ങളിൽ സഹായിക്കുവാനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി വിവിധ മേഖലകളിൽ വൈദഗ്ധ്യം ഉള്ളവരുടെ ഒരു റിസോഴ്സ് ടീം രൂപീകരിക്കുക. വൈദികർ, സമർപ്പിതർ, ആരോഗ്യ-നിയമ വിദഗ്ധർ, സോഷ്യൽ വർക്കേഴ്സ്, മനഃശാസ്ത്രജ്ഞർ എന്നിവരെ ഇതിൽ അംഗങ്ങളാക്കാവുന്നതാണ്.

4. വൈദികരുടെ ഭവനസന്ദർശനവും, വീടുവെഞ്ചരിപ്പും നമ്മുടെ സഭയിൽ വളരെ വിലമതിക്കപ്പെടുന്ന പാരമ്പര്യങ്ങളാണ്. ദമ്പതികളുടെ വർഷത്തിലെ വലിയ നോമ്പിൽ നമ്മുടെ എല്ലാ ഭവനങ്ങളും വെഞ്ചരിക്കുവാൻ ശ്രമിക്കുമല്ലോ.

5. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമയിൽ ജീവിക്കുന്നു. നമ്മുടെ എല്ലാ ഭവനങ്ങളിലും അനുദിന കുടുംബ പ്രാർത്ഥന ഉറപ്പു വരുത്തുകയും ദമ്പതീവർഷത്തിന്റെ പ്രത്യേക പ്രാർത്ഥന ചൊല്ലുകയും ചെയ്യുക.

6. ദമ്പതീവർഷാചരണത്തിലൂടെ ദമ്പതികൾ കർത്താവിന്റെ അനുഗ്രഹവും ശാശ്വതമായ കൃപയും പ്രാപിക്കുവാനായി എല്ലാവരും ത്യാഗപൂർവ്വം മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുക. ഓരോ വിശുദ്ധ കുർബാനയ്ക്കും ശേഷം ദമ്പതീവർഷത്തിന്റെ പ്രത്യേക പ്രാർത്ഥന ചൊല്ലുകയും ചെയ്യുക.

7. 2020 ഏപ്രിൾ 14 മുതൽ 18 വരെ ഇറ്റലിയിലെ ലൊറെത്തോയിലേക്കും റോമിലേക്കും അസ്സീസിയിലേക്കുമുള്ള രൂപതാ തീർത്ഥാടനത്തിൽ സാധിക്കുന്ന ദമ്പതികൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുക.

8. വലിയ നോമ്പിൽ എല്ലാ ഇടവകകളിലും മിഷനുകളിലും വിശുദ്ധ കുർബാന കേന്ദ്രീകൃതമായ ദാമ്പത്യജീവിതത്തെക്കുറിച്ചുള്ള ഗ്രാൻഡ് മിഷൻ നടത്തപ്പെടുന്നതാണ്.

9. മാസം തോറുമുള്ള കുടുംബക്കൂട്ടായ്മ സമ്മേളനങ്ങളിൽ എല്ലാ ദമ്പതികളുടെയും അവരുടെ മക്കളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക.

10. വിശുദ്ധ കുമ്പസാരം എന്ന കൂദാശ ഏറ്റവും താല്പര്യത്തോടെ അടുത്തടുത്ത് ദമ്പതികളും അവർക്കൊപ്പം മക്കളും സ്വീകരിക്കുക.

11. കുടുംബങ്ങളെക്കുറിച്ചുള്ള തിരുസഭാ പ്രബോധനങ്ങൾ ലഭ്യമാക്കുകയും അതിന്റെ വെളിച്ചത്തിൽ ചർച്ചകളും പഠനങ്ങളും സംഘടിപ്പിക്കുകയും ചെയ്യുക. വിശുദ്ധ ചാവറയച്ചന്റെ അമൂല്യകൃതി 'നല്ല അപ്പന്റെ ചാവരുൾ', ദമ്പതികളുടെ വർഷത്തിന്റെ മധ്യസ്ഥരായ വിശുദ്ധ ലൂയി മാർട്ടിൻ, വിശുദ്ധ മരിയ സെലിഗ്വരിൻ, വിശുദ്ധ മറിയം ത്രേസ്യ എന്നിവരുടെ ജീവിതവും, പ്രബോധനവും പ്രത്യേക ശ്രദ്ധയോടെ പഠിക്കുക.

12. കുടുംബങ്ങളുടെ വിശുദ്ധ ഗ്രന്ഥപാരായണവും വിചിന്തനവും പ്രോത്സാഹിപ്പിക്കുന്ന ക്വിസ്, അഖണ്ഡ വിശുദ്ധ ഗ്രന്ഥ പാരായണം എന്നിവ സംഘടിപ്പിക്കുക.

13. കുടുംബത്തിന്റെ കെട്ടുറപ്പിനും, മക്കളുടെ വിശ്വാസപരിശീലനത്തിനും, വ്യക്തിത്വ വികസനത്തിനും മാതാപിതാക്കളെ സഹായിക്കുന്ന ക്ലാസുകൾ, ശില്പശാലകൾ എന്നിവ ഇടവക/മിഷൻ തലത്തിൽ ക്രമീകരിക്കുക.

14. ദൈവദാനമായ മനുഷ്യജീവന്റെ വിശുദ്ധസങ്കേതമായ കുടുംബത്തിന്, ജീവനെ വിലമതിക്കാനും പരിരക്ഷിക്കാനും സഹായകമാകുന്ന ഒരു പ്രോലൈഫ് സെൽ നമ്മുടെ രൂപതയിൽ ആരംഭിക്കുന്നതാണ്.

15. നവദമ്പതികളുടെ ഒരു സമ്മേളനം രൂപതാ തലത്തിൽ സമയോചിതമായി സംഘടിപ്പിക്കുന്നതാണ്.

16. ഈ വർഷം നമ്മുടെ എല്ലാ ദമ്പതികളെയും പങ്കുചേർക്കുന്ന ഒരു മഹാസമ്മേളനം സംഘടിപ്പിക്കുന്നതാണ്.

നമ്മുടെ അജപാലനപദ്ധതിയുടെ മാർഗ്ഗരേഖയായ Living Stones ൽ (pages 25-27) ദമ്പതി വർഷത്തിനുള്ള കൂടുതൽ കർമ്മപദ്ധതികൾ നിങ്ങൾക്ക് കാണാനാവും. ദമ്പതികളുടെ വർഷത്തെ അനുഗ്രഹപ്രദമാക്കാനുള്ള ക്രിയാത്മക സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നത് നമ്മുടെ രൂപതയുടെ സിഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പെട്ട മോൺ. ജിനോ അരീക്കാട്ട് എം. സി. ബി. എസ്. ആയിരിക്കും.

ഇംഗ്ലണ്ട് ആന്റ് വെയിൽസിലെ കത്തോലിക്കാ രൂപതകൾ 'സംസാരിക്കുന്ന ദൈവം' എന്ന പേരിൽ ദൈവവചനവർഷമായി ഈ വർഷം ആചരിക്കുന്നു. അതിനാൽ ദൈവവചനത്തെ ആഴമായി ധ്യാനിക്കുവാനും വചനാനുസരണം ജീവിക്കുന്ന ദമ്പതികളായി മാറുവാനും ഈ വർഷം ഇടയാക്കട്ടെ. നമ്മുടെ കുടുംബങ്ങളുടെ മാതൃകയും സംരക്ഷണവുമായ തിരുക്കുടുംബത്തിന്റെ പരിപാലന നമുക്ക് തുണയായിരിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സംസർഗ്ഗവും നിങ്ങളോടുകൂടെ ഉ ായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

പ്രസ്റ്റൺ, 30/11/2019

---

NB: ഈ ഇടയലേഖനം ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ ഇടവകകളിലും/മിഷനുകളിലും/പ്രോപ്പോസ്ഡ് മിഷനുകളിലും 2019 ഡിസംബർ 30 ന് മുമ്പ് വായിക്കേ താണ്.